ഓർഡർ.... ഓർഡർ..... ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് ചട്ടം 300 അനുസരിച്ചുള്ള ഒരു പ്രസ്താവന നടത്താൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ഇപ്പോൾ നടത്താവുന്നതാണ്.

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 17.11.2014-ലെ സ.ഉ.(എം.എസ്.) നം. 96/2014/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ നിയമപരമായ അവകാശികൾക്ക് ഒരു ലക്ഷം രൂപയും നൽകിവരുന്നു. 22.03.2013-ലെ സ.ഉ.(എം.എസ്.)നം. 32/2013/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കന്നുകാലികൾക്കും മറ്റ് വസ്തുക്കൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും പരമാവധി 75,000/- രൂപയും നൽകിവരുന്നു. കേരള നിയമസഭയുടെ വിഷയ നിർണ്ണയ സമിതി X-ന്റെ 2015-16

സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത് റിപ്പോർട്ടിലെ പത്താമത് ശിപാർശ പ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നൽകിവരുന്ന നിലവിലുള്ള നഷ്ടപരിഹാരത്തുക 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകാൻ ശിപാർശ ചെയ്തിരുന്നു.

1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന 5 ലക്ഷം രൂപ 10 ലക്ഷം രൂപയായും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ നിലവിൽ അവകാശികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ഒരു ലക്ഷം രൂപ 2 ലക്ഷം രൂപയായും സ്ഥായിയായ അംഗവൈകല്യമുണ്ടാകുന്നവർക്ക് നിലവിൽ പരമാവധി നൽകിവരുന്ന തുക 75,000/- രൂപ പരമാവധി 2 ലക്ഷം രൂപയായും വീടുകൾ/കുടിലുകൾ, കൃഷി, കന്നുകാലികൾ എന്നിവയ്ക്ക് വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിലവിൽ നൽകിവരുന്ന പരമാവധി 75,000/- രൂപയെന്നത് കണക്കാക്കപ്പെടുന്ന

തുകയുടെ 100 ശതമാനം, അതായത് പരമാവധി ഒരു ലക്ഷം രൂപയെന്ന നിരക്കിലും വ്യക്തികൾക്കുണ്ടാകുന്ന പരിക്കുമൂലം ചികിത്സയ്ക്ക് ചെലവാകുന്ന തുക നിലവിൽ 75,000/- രൂപയെന്നത് പരമാവധി ഒരു ലക്ഷം രൂപയെന്ന നിരക്കിലും വർദ്ധിപ്പിക്കുന്നതിനും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതിനും 27.03.2018-ലെ മന്ത്രിസഭായോഗം തീരുമാനിച്ചു.

വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തി വന കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതിയില്ലായെങ്കിലും സ്ഥിരം കുറ്റവാളികളല്ലാത്ത വനം കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിന് ഇടയിലല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് പരിശോധിച്ച് അർഹതയുള്ള കേസിൽ നഷ്ടപരിഹാരം നൽകുന്നതിനും തീരുമാനിച്ചു. മനുഷ്യജീവഹാനി ഉണ്ടായാൽ റെയ്ഞ്ച് ആഫീസറുടെ ശിപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ബന്ധപ്പെട്ട ഡി.എഫ്.ഒ./വൈൽഡ് ലൈഫ് വാർഡൻ തുടരന്വേഷണം നടത്തുകയും 15 ദിവസത്തിനകം ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും വില്ലേജ് ഓഫീസറുടെ പക്കൽനിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന

മുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 50 ശതമാനം മരണപ്പെട്ടയാളുടെ നിയമപരമായ അവകാശികൾക്ക് നൽകണമെന്നും ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നൽകണമെന്നും തീരുമാനിച്ചു.